KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg തിയ്യതി : 03.11.2023

## സർക്കുലർ നമ്പർ. 50/2023 (BD)

വിഷയം : **നവംബർ 6 കെ.എസ്.എഫ്.ഇ. ദിനം** – പിറന്നാൾ ആഘോഷവുമായി ബന്ധപ്പെട്ട്.

** **

കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സമാനതകളില്ലാത്ത മുന്നേറ്റവുമായി **കെ.എസ്.എഫ്.ഇ 2023 നവംബർ 6 ന് 54 വർഷം** പൂർത്തിയാക്കുകയാണ്. ഇടപാടുകാരുടെ വിശ്വാസ്യത നമ്മുടെ ഇതഃപര്യന്തമുള്ള പ്രയാണം സുഗമമാക്കിയിട്ടുണ്ട്. കേരളത്തിന്റെ തനത് സമ്പാദ്യ പദ്ധതിയായ ചിട്ടി എന്ന സാമ്പത്തിക ഉല്പന്നത്തിന്റെ നേതൃത്വം വഹിക്കുന്ന പ്രയോക്താവായി ആഗോളതലത്തിൽ തന്നെ നമ്മുടെ സ്ഥാപനം തല ഉയർത്തി നിൽക്കുന്നത് അഭിമാനകരമാണ്.

അമ്പത്തിനാലാം പിറന്നാൾ ദിനമായ നവംബർ 6, നമ്മുടെ മുഴുവൻ ഓഫീസുകളിലും സമുചിതമായി ആഘോഷിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഓരോ ശാഖകളിലും പരമാവധി ഇടപാടുകാരെയും പരിസരത്തുള്ള വ്യാപാരി സമൂഹത്തെയും ഓഫീസുകളെയും പങ്കെടുപ്പിച്ച് "പിറന്നാൾ കേക്ക് " മുറിച്ചു കൊണ്ടായിരിക്കണം ആഘോഷ പരിപാടികൾ നടത്തേണ്ടത്. ഈ വിധമുള്ള ചടങ്ങിൽ മുതിർന്ന ഇടപാടുകാരെയും വനിതാ ഇടപാടുകാരെയും കൂടുതൽ ഉൾപ്പെടുത്താൻ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇക്കൂട്ടരിൽ നിന്നും അനുയോജ്യരായവരെ കേക്ക് മുറിക്കുന്നതിനായി ക്ഷണിക്കാവുന്നതാണ്. ശാഖയിൽ എത്തിച്ചേരുന്ന മുഴുവൻ പേർക്കും അന്നേ ദിവസം മധുരപലഹാരം വിതരണം ചെയ്യേണ്ടതുമാണ്.

കടന്നുപോയ നാൾവഴികളിൽ പ്രോത്സാഹനവും പ്രതിസന്ധിയും സമചിത്തതയോടെ വീക്ഷിച്ചുകൊണ്ട് കേരളത്തിലെ നമ്പർ വൺ പൊതുമേഖലാ സ്ഥാപനമായി കെ.എസ്.എഫ്.ഇ. എത്തി നിൽക്കുന്ന ഈ ഘട്ടത്തിൽ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകളെ ഉൾച്ചേർത്തു കൊണ്ടുള്ള ഒരു മുന്നേറ്റമാണ് വരും നാളുകളിൽ ലക്ഷ്യം വയ്ക്കുന്നത്. ഇതിലേയ്ക്കുള്ള ചുവടുവെയ്പ്പായി **06.11.2023** രാവിലെ **10.30** ന് എല്ലാ ജീവനക്കാരും പിറന്നാൾ ദിന പ്രതിജ്ഞ എടുക്കണമെന്ന് അറിയിക്കുന്നു. ശാഖാ മാനേജർ / ഓഫീസ് മേധാവി പ്രതിജ്ഞ ചൊല്ലിക്കൊടുക്കേണ്ടതും മറ്റ് ജീവനക്കാർ അത് ഏറ്റു ചൊല്ലേണ്ടതുമാണ്.

**"കേരളത്തിന്റെ സാമ്പത്തിക സാമൂഹിക മുന്നേറ്റത്തിൽ സമസ്ത വിഭാഗം ജനങ്ങളേയും കണ്ണിചേർത്തു കൊണ്ട് കെ.എസ്.എഫ്.ഇ വിശ്വാസ്യതയുടെ 54 വർഷം പിന്നിടുകയാണ്. തുടർന്നും അർപ്പണ മനോഭാവത്തോടെ നിസ്വാർത്ഥമായും സുതാര്യമായും എല്ലാ ഇടപാടുകാരെയും സമഭാവനയോടെ കണ്ട് അവരുടെ ആവശ്യങ്ങൾ നിറവേറ്റുകയും അതുവഴി സ്ഥാപനത്തിന്റെ പുരോഗതി ഉറപ്പു വരുത്തുകയും ചെയ്യുമെന്ന് ഈ സുദിനത്തിൽ പ്രതിജ്ഞ ചെയ്യുന്നു".**

ഇതോടൊപ്പം അയയ്ക്കുന്ന ബാനർ പ്രിന്റ് ചെയ്ത് ഉടൻ പ്രദർശിപ്പിക്കേണ്ടതാണ്. അന്നേ ദിവസത്തെ ചെലവിലേയ്ക്കായി 2,000/- രൂപയിൽ അധികരിക്കാത്ത തുക ഉപയോഗിക്കാവുന്നതാണ്. അനുയോജ്യമായ രീതിയിൽ പിറന്നാൾ ദിനാചരണം പ്രചരിപ്പിക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു.

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:**എല്ലാ ശാഖാ തലവൻമാർക്കും

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v എം.ഡി. യുടെ പി.എ.
vi സർക്കുലർ ഫയൽ